**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6166** **09-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കിൾ സഹകരണ യൂണിയനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര സർക്കിൾ സഹകരണ യൂണിയനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ എത്രയെണ്ണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | ആകെ 64 സർക്കിൾ സഹകരണ യൂണിയനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ 58 എണ്ണത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിൽ ഉണ്ട്. അവ ചിറയൻകീഴ്, തിരുവനന്തപുരം, നെടുമങ്ങാട്, കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി, കോഴഞ്ചേരി, അടൂർ, തിരുവല്ല, മല്ലപ്പള്ളി, റാന്നി, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, മാവേലിക്കര, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം, മീനച്ചിൽ, കാഞ്ഞിരപ്പള്ളി, തൊടുപുഴ, പീരുമേട്, ദേവികുളം, ഉടുമ്പൻചോല, കണയന്നൂർ, നോർത്ത് പറവൂർ, കുന്നത്ത്നാട്, ആലുവ, മൂവാറ്റുപുഴ, കോതമംഗലം, കൊച്ചി, ചാവക്കാട്, തൃശ്ശൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ, ഒറ്റപ്പാലം, പാലക്കാട്, ചിറ്റൂർ, മണ്ണാർക്കാട്, പൊന്നാനി, മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി, നിലമ്പൂർ, കോഴിക്കോട്, കൊയിലാണ്ടി, വൈത്തിരി, സുൽത്താൻബത്തേരി, മാനന്തവാടി, കണ്ണൂർ, തലശ്ശേരി, കൂത്തുപറമ്പ്, കാസർഗോഡ് എന്നിവയാണ്. |
| (ബി) | അഡ്മിനിസ്ട്രേറ്റർ ഭരണസമിതി നിലവിലുള്ള സർക്കിൾ സഹകരണ യൂണിയനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | നെയ്യാറ്റിൻകര, മുകുന്ദപുരം, ആലത്തൂർ, തളിപ്പറമ്പ് സർക്കിൾ സഹകരണ യൂണിയനുകൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. വടകര, ഹോസ്ദുർഗ് എന്നിവ അഡ്മിനിസ്ട്രേറ്റർ ഭരണത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; സ്ഥിരം ജീവനക്കാർ ഇല്ലാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | 26 സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരുണ്ട്. ക്ലാർക്ക്/ ജൂനിയർ ക്ലർക്ക്- 16 എണ്ണം, ഓഫീസ് അറ്റൻഡന്റ്- 3, അറ്റൻഡർ - 5, ക്ലർക്ക് കം ടൈപ്പിസ്റ്റ് - 2 സ്ഥിരം ജീവനക്കാർ ഇല്ലാത്ത സർക്കിൾ സഹകരണ യൂണിയനുകൾ - കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി, കോഴഞ്ചേരി, അടൂർ, തിരുവല്ല, |

| | | | |
|---|---|---|---|
| | | | മല്ലപ്പള്ളി, റാന്നി, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, മാവേലിക്കര, ചങ്ങനാശ്ശേരി, വൈക്കം, കാഞ്ഞിരപ്പള്ളി, തൊടുപുഴ, പീരുമേട്, ദേവികുളം, ഉടുമ്പൻചോല, കൊച്ചി, നോർത്ത് പറവൂർ, ആലുവ, കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, കൊടുങ്ങല്ലൂർ, പാലക്കാട്, മണ്ണാർക്കാട്, പൊന്നാനി, തിരൂരങ്ങാടി, നിലമ്പൂർ, വൈത്തിരി, സുൽത്താൻബത്തേരി, മാനന്തവാടി എന്നിവ. |
| (ഡി) | എത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും നടപ്പിലാക്കിയിട്ടില്ലാത്ത യൂണിയനുകൾ ഏതെല്ലാമെന്നും നടപ്പിലാക്കാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ; | (ഡി) | സ്ഥിരം ജീവനക്കാരുള്ള സഹകരണ യൂണിയനുകളിൽ രണ്ടെണ്ണത്തിൽ ഒഴികെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്. ചിറയിൻകീഴ് സർക്കിളിൽ കൺസോളിഡേറ്റഡ് പേയിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.<br><br>കണയന്നൂർ സർക്കിളിൽ തസ്തികാനുവാദം വാങ്ങിയിട്ടില്ലാത്തതിനാൽ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. |
| (ഇ) | സർക്കിൾ സഹകരണ യൂണിയനുകളിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം യൂണിയനുകളെന്നും നടപ്പിലാക്കാത്ത യൂണിയനുകൾ ഏതെല്ലാമെന്നും നടപ്പിലാക്കാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ; | (ഇ) | സ്ഥിരം ജീവനക്കാരുള്ള സർക്കിൾ സഹകരണ യൂണിയനുകളിൽ താഴെ പരാമർശിച്ചിരിക്കുന്നവ ഒഴികെ ഉള്ളവയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ചിറയിൻകീഴ് സർക്കിളിൽ കൺസോളിഡേറ്റഡ് പേയിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്, സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. തൃശൂർ സർക്കിളിൽ സ.ഉ(സാധാ) 161/2021/സഹ തിയതി 25.02.2021 പ്രകാരമുള്ള സേവന വേതന വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. കൊയിലാണ്ടി സർക്കിളിൽ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ലാത്തതിനാൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. |
| (എഫ്) | ജീവനക്കാർക്ക് ശമ്പളത്തിന് പുറമെ ഏതൊക്കെ സർവീസ് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന വിശദാംശവും സർവീസ് ആനുകൂല്യങ്ങൾ നൽകാത്ത സർക്കിൾ സഹകരണ യൂണിയനുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; അത് നൽകാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ? | (എഫ്) | പ്രൊവിഡന്റ് ഫണ്ട്, ലീവ് സറണ്ടർ, ഫെസ്റ്റിവൽ അലവൻസ്, മെഡിക്കൽ അലവൻസ്, ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, വെൽഫെയർ ഫണ്ട്, ആകസ്മികാവധി 20 എണ്ണം, മെഡിക്കൽ അലവൻസ്, ജി പി എ ഐ എസ്, ബോണസ് എന്നിവ നൽകി വരുന്നുണ്ട്. ചിറയിൻകീഴ് സർക്കിളിൽ കൺസോളിഡേറ്റഡ് പേയിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. മുകുന്ദപുരം സർക്കിളിൽ, കമ്മീഷന്റെ മറ്റ് ശുപാർശകളിൽ, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. തൃശ്ശൂർ സർക്കിൾ സഹകരണ യൂണിയനിൽ ക്ലർക്ക് തസ്തികയുടെ ശമ്പളം നൽകി വരുന്നുണ്ട് ബേസിക് പേ, ഡി എ, എച്ച് ആർ എ എന്നിവ മാത്രമാണ് നിലവിൽ നൽകിവരുന്നത്. സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.<br><br>മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ എന്നീ സർക്കിൾ സഹകരണ യൂണിയനുകളിൽ പെൻഷൻ ബോർഡിൽ അംഗത്വം ലഭിക്കാത്തതിനാൽ പെൻഷൻ ഒഴികെ ബാക്കി ആനുകൂല്യങ്ങൾ എല്ലാം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ